**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4774** **20-07-2022 - ൽ മറുപടിയ്ക്ക്**

**അങ്കമാലി ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; നിലവിൽ ബൈപ്പാസ് നിർമ്മാണം ആരംഭിക്കുന്നതിന് തടസ്സമുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | അങ്കമാലി-കൊച്ചി എയർപോർട്ട് ബൈപ്പാസ് നിർമ്മാണത്തിനായി 50 കോടി രൂപയുടെ പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി 27.09.2016-ലെ GO(Rt) No.1324/2016/പൊമവ ഉത്തരവ് പ്രകാരം ആർ.ബി.ഡി.സി.കെ.യെ എസ്.പി.വി. ആയി നിയോഗിച്ചു. ആവശ്യമായ പഠനങ്ങൾക്ക് ശേഷം 6 വരി പാത നിർമ്മിക്കുന്നതിന് 390.68 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കി 15.03.2017-ൽ ആർ.ബി.ഡി.സി.കെ. കിഫ്ബിയിൽ സമർപ്പിച്ചു. ഈ ഡി.പി.ആർ പ്രകാരം പദ്ധതിയ്ക്കായി 390.68 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി GO(Rt) No. 771/2017/PWD dated 02.06.2017 പ്രകാരം നൽകുകയുണ്ടായി.<br><br>NH 66 ൽ കരയാമ്പറമ്പ് കവലയിൽ നിന്നു തുടങ്ങി അങ്കമാലി റെയിൽവേ സ്റ്റേഷന് സമീപം നാഷണൽ ഹൈവേയിൽ അവസാനിക്കുന്ന തരത്തിൽ 6 വരി പാതയായാണ് അലൈൻമെൻറ് നിശ്ചയിച്ചത്. 3.115 കി.മീ. ദീർഘമുള്ള അലൈൻമെൻറിൽ 1.785 കി.മീ. ഭാഗം മാഞ്ഞാലി കനാലിന് കുറുകെ എലിവേറ്റഡ് ഹൈവേ ആയിട്ടാണ് വിഭാവനം ചെയ്തിരുന്നത്.എന്നാൽ, പദ്ധതി ചെലവ് കുറയ്ക്കുന്നതിനായി 6 വരിക്ക് പകരം 4 വരി പാത നിർമ്മിക്കുവാനും എലിവേറ്റഡ് ഹൈവേയുടെ ഭാഗത്തെ അലൈൻമെൻറ് മാഞ്ഞാലി കനാലിന് പടിഞ്ഞാറോട്ട് നീക്കി സ്ഥലം നികത്തി റോഡ് നിർമ്മിക്കുന്ന തരത്തിൽ ഡി.പി.ആർ പരിഷ്കരിക്കുവാനും കിഫ്ബി ആവശ്യപ്പെട്ടു. ഇത്തരത്തിൽ പരിഷ്കരിച്ച ഡി.പി.ആർ -ന് 16.12.2017 ൽ കിഫ്ബി 190.16 കോടി രൂപ അനുവദിച്ചു. എന്നാൽ 2018-ൽ ഉണ്ടായ വെള്ളപ്പൊക്കത്തോടെ ചതുപ്പ് നികത്തി റോഡ് |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നത് അഭികാമ്യമല്ല എന്ന് കണ്ടതിനാൽ പദ്ധതിക്ക് ആർ.ബി.ഡി.സി.കെ. ആദ്യം നിശ്ചയിച്ച എലിവേറ്റഡ് ഹൈവേ തന്നെ അനുവദിക്കാൻ കിഫ്ബിയോട് ആവശ്യപ്പെട്ടതിനെ തുടർന്ന് കിഫ്ബിയുടെ സാങ്കേതിക സംഘം സ്ഥലം സന്ദർശിക്കുകയും അലൈൻമെൻറ് മാറ്റി എലിവേറ്റഡ് ഹൈവേ ഉൾപ്പെട്ട ബൈപ്പാസ് നിർമ്മിക്കുവാൻ കിഫ്ബിയിൽ നിന്ന് നിർദ്ദേശം നൽകുകയും ചെയ്തു.<br><br>ഇത്തരത്തിൽ പുതുക്കിയ ഡി.പി.ആർ ന് 275.52 കോടി രൂപയ്ക്ക് കിഫ്ബിയിൽ നിന്നും അനുമതി നൽകി. പുതുക്കിയ റിക്വസിഷൻ 26.08.2020 ൽ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും, സ്ഥലമേറ്റെടുപ്പിനുള്ള ഭരണാനുമതി റവന്യൂ ഡിപ്പാർട്ട്മെൻറിൽ നിന്നും നൽകുകയും ചെയ്തിട്ടുണ്ട്. അലൈൻമെൻറ് കല്ലുകൾ സ്ഥാപിച്ച് സംയുക്ത സ്ഥല പരിശോധന നടത്തിയ ശേഷം 03.08.2021 ൽ 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. സാമൂഹ്യാഘാത പഠനം നടത്തി റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചതിനെ തുടർന്ന് വിദഗ്ധ സമിതി രൂപീകരിക്കുകയും വിദഗ്ധ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ GO(MS) 27/2022/RD dated 25.01.2022 പ്രകാരം പദ്ധതിയുടെ സമുചിത ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള ഡ്രാഫ്റ്റ് സ്പെഷ്യൽ തഹസിൽദാർ, കിഫ്ബി, എറണാകുളം തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത തടസ്സങ്ങൾ നീക്കി ബൈപ്പാസിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | എൽ.എ. നടപടികൾ പൂർത്തീകരിച്ച് സ്ഥലമേറ്റെടുത്ത് കൈമാറി കിട്ടിയാൽ മാത്രമെ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ